**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 160** **20-01-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി വീണാ ജോർജ്ജ് ,<br>ശ്രീ. സി. കൃഷ്ണൻ,<br>ശ്രീ . എം. നൗഷാദ്** | | **Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി)** | |
| (എ) | ദേശീയ ആരോഗ്യസൂചികയിൽ ഒന്നാം സ്ഥാനം നിലനിർത്തുന്നതിനും ജീവിതശൈലീരോഗ നിയന്ത്രണത്തിൽ ഇടരെ യു.എൻ. അവാർഡ് നേടത്തക്ക രീതിയിൽ സംസ്ഥാനത്തെ ആരോഗ്യമേഖലയെ ശാക്തീകരിക്കുന്നതിനും സർക്കാർ നടത്തിയ പ്രവർത്തനം വിശദമാക്കാമോ; | (എ) | ദേശീയ ആരോഗ്യ സൂചികയിൽ മാതൃ മരണ നിരക്കും ശിശു മരണ നിരക്കും ആയുർദൈർഘ്യവും പരിഗണിക്കുമ്പോൾ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെക്കാൾ നമ്മുടെ സംസ്ഥാനം ബഹുദൂരം മുൻപന്തിയിലാണ്. കേരളത്തിലെ മാതൃ മരണ നിരക്ക് ഇൻഡ്യയിലെ സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും കുറഞ്ഞതാണ്. ഇത് നിലനിർത്തുന്നതിനായി മാതൃമരണ നിരക്ക് കുറക്കുന്നതിനുള്ള പദ്ധതി കേരളത്തിൽ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ മാതൃമരണ നിരക്ക് കുറക്കുന്നതിനായി ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് Kerala Federation of Obstetrics and Gynecology (KFOG) യുടെ സാങ്കേതിക സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കി പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു. ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവ മുറിയിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകി. ഡിസ്പോസിബിൾ ഡെലിവറി കിറ്റ്, ഡിസ്പോസിബിൾ സിസേറിയൻ കിറ്റ് എന്നിവ ആശുപത്രികളിൽ ലഭ്യമാക്കി. മാതൃ മരണത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനായി മാതൃമരണ ഓഡിറ്റ് നടപ്പിലാക്കി. ആശുപത്രികളിൽ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കേരളത്തിലെ ശിശു മരണനിരക്ക് ദേശീയ ശരാശരിയേക്കാൾ വളരെ കുറവാണ്. ഇതു നിലനിർത്തുന്നതിനായി ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, IAP (ഇൻഡ്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ്) എന്നിവ സംയുക്തമായി ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ഒരു പദ്ധതി |

ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ശിശുമരണ ഓഡിറ്റ് സംവിധാനം നടപ്പിലാക്കി വരുന്നു. നവജാത ശിശുക്കളിലെ മെറ്റാബോളിക് അസുഖങ്ങൾ കണ്ടുപിടിക്കുന്നതിനായി ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം (New Born Screening Programme) നടപ്പിലാക്കി വരുന്നു. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും, സംസ്ഥാന ആരോഗ്യ വകുപ്പുമായി യോജിച്ച് വാക്സിൻ കൊണ്ട് തടയാൻ കഴിയുന്ന മാരക രോഗങ്ങൾ വരാതിരിക്കാനായി ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പദ്ധതി (യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം) കേരളത്തിൽ നടപ്പിലാക്കി വരുന്നു. ജീവിത ശൈലി രോഗ നിയന്ത്രണത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും ഇതര വകുപ്പുകളുടെയും പഠന കേന്ദ്രങ്ങളുടെയും സഹായത്തോടുകൂടി ജീവിതത്തിന്റെ നാനാ തുറകളിലുമുള്ള ജനവിഭാഗങ്ങൾക്ക് ഉതകുന്ന വിധത്തിൽ ആരോഗ്യവകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രമേഹം, രക്താതിമർദ്ദം എന്നിവ ജനസംഖ്യാധിഷ്ഠിതമായി നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള 'അമൃതം ആരോഗ്യം' പദ്ധതി താലൂക്ക് ജില്ലാ ആശുപത്രികളെ കൂടി ഉൾപ്പെടുത്തി കൊണ്ട് ശാക്തീകരിക്കുന്ന പദ്ധതിയാണ് ആദ്യമായി നടപ്പിലാക്കിയത്. ജീവിതശൈലി രോഗങ്ങളുടെ മൂർധന്യാവസ്ഥകളായ വൃക്കരോഗങ്ങൾ, ഹൃദ്രോഗങ്ങൾ തുടങ്ങിയവ കണ്ടെത്തുന്നതിനും, ചികിത്സിക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുകയും കാത്ത് ലാബുകൾ, ഡയാലിസിസ്, പെരിറ്റോണയൽ ഡയാലിസിസ് എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ശാക്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡയബറ്റിക്ക് റെറ്റിനോപ്പതി (നേത്ര പടലാന്ധത) നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനുമുള്ള അതിനൂതന പദ്ധതിയായ നയനാമൃതം, ലോകത്താദ്യമായി ഗുരുതര ശ്വാസ കോശ രോഗമായ COPD നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പ്രാഥമിക ആരോഗ്യ തലത്തിൽ തന്നെ സംവിധാനമൊരുക്കിയ ശ്വാസ് പദ്ധതി, അതി സങ്കീർണമായ പക്ഷാഘാത ചികിത്സ ഇന്ത്യയിലാദ്യമായി ജില്ലാ ആശുപത്രികളിൽ നടപ്പിലാക്കിയ ശിരസ്സ് പദ്ധതി, പ്രമേഹത്തിന്റെ ഗുരുതര ഭാവമായ കാലിലെ വൃണങ്ങൾ diabetic foot കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള പാദ സ്പർശം പദ്ധതി, എന്നിവ ജീവിതശൈലി രോഗ നിർണ്ണയ പദ്ധതിയുടെ ഭാഗമായി അവതരിപ്പിച്ചിട്ടുണ്ട്. ജനങ്ങളുടെ ജീവിതചര്യയിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് പ്രോത്സാഹനമായി സ്കൂൾ

| | | | |
|---|---|---|---|
| | | | കോളേജ് തലങ്ങളിൽ VIBGYOR എന്ന പേരിൽ കായിക മാനസിക ഉല്ലാസ പരിപാടികളിലൂടെ ജീവിത ശൈലി പരിഷ്കരണം നടപ്പിലാക്കുകയും പൊതുജനങ്ങൾക്കായി വിവിധ തലങ്ങളിൽ Open gym എന്ന നൂതന ആശയം യാഥാർത്ഥ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ചിട്ടയായ പ്രവർത്തനങ്ങളിലൂടെ രക്തസമ്മർദ്ദവും പ്രമേഹവും നിയന്ത്രിക്കുന്നതിൽ ഏറെ പുരോഗതി ഉണ്ടാകുകയും ചികിത്സയും മരുന്നും സൗജന്യമാക്കിയതോടെ ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനും സഹായകരമായിട്ടുണ്ട്. കാൻസർ ചികിത്സ റീജിയണൽ കാൻസർ സെന്ററുകളുടെ സഹായത്തോട്ടു കൂടി ആരോഗ്യവകുപ്പിന് കീഴിലുള്ള 24 ജില്ലാ താലൂക്ക് ആശുപത്രികളിൽ വികേന്ദ്രീകൃതമായി സജ്ജീകരിച്ചിട്ടുണ്ട്. ജീവിത ശൈലി രോഗ നിയന്ത്രണത്തിൽ സംസ്ഥാന സർക്കാർ കൈവരിച്ച ഈ നേട്ടങ്ങൾ ലോകാരോഗ്യ സംഘനയുടെ ശ്രദ്ധയിൽപ്പെടുകയും ഐക്യരാഷ്ട്ര സംഘടനയുടെ അവാർഡ് പരിഗണിക്കുന്നതിന് കാരണമാവുകയും ചെയ്തു. ലോകരാജ്യങ്ങളിലെ ജീവിത ശൈലി രോഗ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന UN inter agency task force ന്റെ പട്ടികയിൽ നമ്മുടെ സംസ്ഥാനം ഇടം പിടിക്കുകയും മികവിന്റെ അടിസ്ഥാനത്തിൽ അവാർഡിന് അർഹമാകുകയും ചെയ്തു. ആർദ്രം പദ്ധതി പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുകയും അവയുടെ അടിസ്ഥാന സൗകര്യം വികസിപ്പിച്ചും ആവശ്യമായ ജീവനക്കാരെ നിയമിച്ചു കൊണ്ടും മെച്ചപ്പെട്ട ചികിത്സാ സമ്പ്രദായം പ്രാഥമിക തലത്തിൽ തന്നെ ഏർപ്പെടുത്തി. താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനവും ഏർപ്പെടുത്തി. നബാർഡ് പദ്ധതി മുഖേന 5 കോടി രൂപയ്ക്ക് മുകളിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. കൂടാതെ ആരോഗ്യ വകുപ്പിന്റെ മുഖച്ഛായ മാറ്റുന്ന രീതിയിൽ കിഫ്ബി പദ്ധതി പ്രകാരം മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വിവിധ ആശുപത്രികളിലായി 5000 ൽ പരം കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | സർക്കാർ ഏറ്റെടുത്ത കണ്ണൂർ മെഡിക്കൽ കോളേജിലെ ചികിത്സാസൗകര്യവും പഠനസൗകര്യവും വർദ്ധിപ്പിക്കുന്നതിന് ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | (ബി) | കണ്ണൂർ മെഡിക്കൽ കോളേജിലെ ചികിത്സാ സൗകര്യവും, പഠന സൗകര്യവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2020-21 സാമ്പത്തിക വർഷത്തിൽ പ്ലാൻ ബഡ്ജറ്റിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി 33.93 കോടി രൂപയുള്ള സാധനസാമഗ്രികൾ വാങ്ങിക്കുന്നതിനും ഹോസ്റ്റൽ ഉൾപ്പെടെ നിർമ്മിക്കുന്നതിനുമുള്ള അനുമതി നൽകിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് കണ്ണൂരിന്റെ അടിസ്ഥാന വികസന സൗകര്യത്തിനു 124.96 കോടി രൂപ കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കി നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകി. കോവിഡ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികളിൽ നിന്നും (MP Fund, MLA Fund, CSR Fund, KASP etc.) 10,85,00,000/- രൂപയുടെ ആശുപത്രി ഉപകരണങ്ങൾ വാങ്ങിച്ചു. ചികിത്സാ സൗകര്യം, പഠനസൗകര്യവും വർദ്ധിപ്പിക്കുന്നതിനായി 247 ഡോക്ടർമാരുടെ തസ്തികയും 521 നഴ്സുമാരുടെ തസ്തികയും, ഭരണപരമായ ആവശ്യങ്ങൾക്കായി പ്രിൻസിപ്പാൾ ഉൾപ്പെടെ 11 തസ്തികയും സൃഷ്ടിച്ചു. സ്ഥാപനത്തിലെ എല്ലാ മെഡിക്കൽ പാരാമെഡിക്കൽ കോഴ്സുകളും സർക്കാർ മെറിറ്റ് സീറ്റുകളായി പരിവർത്തനം ചെയ്തു. കൂടാതെ, കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെയും, അനുബന്ധ സ്ഥാപനങ്ങളുടെയും സുഗമമായി പ്രവർത്തിക്കുന്നതിനായും പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിനായും ഏറ്റെടുത്ത ജീവനക്കാരെ അക്കോമഡേറ്റ് ചെയ്യുന്നതിനുമായി മിനിസ്റ്റീരിയൽ, പാരാമെഡിക്കൽ ഇതര അനദ്ധ്യാപക ജീവനക്കാർ, ദന്തൽ കോളേജ് ഡോക്ടർമാർ, നഴ്സിംഗ് കോളേജ് അദ്ധ്യാപകർ, ഫാർമസി കോളേജ് അദ്ധ്യാപകർ എന്നിവരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (സി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും തൃതീയ തലത്തിലെ പ്രധാന ആശുപത്രികളിലും ഹൈടെക് വികസനമെത്തിക്കുന്നതിന് കിഫ്ബി ഫണ്ടുപയോഗിച്ചുകൊണ്ട് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ; ഇതിന്റെ പുരോഗതി അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ താലൂക്ക് തലം മുതൽ ജനറൽ ആശുപത്രി തലം വരെയുള്ള പ്രധാന ആശുപത്രികളിൽ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ ഭാവി വികസനത്തിന് കൂടി മുൻതൂക്കം നൽകി കിഫ്ബി പദ്ധതി പ്രകാരം ബൃഹത്തായ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. വിവിധ ഘട്ടങ്ങളിലായി അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ